പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1863**

17-03-2015 - ൽ മറുപടിയ്ക്ക്

## സബ്സിഡി നിരക്കിൽ മണ്ണെണ്ണ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.തിലോത്തമൻ** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മത്സ്യബന്ധനാവശ്യത്തിന് സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതിന് സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ചുള്ള തുക അനുവദിച്ചിട്ടുണ്ടോ എന്ന് പറയാമോ; | എ) | മത്സ്യബന്ധനാവശ്യത്തിന് സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതിന് 2014-15 ബജറ്റ് പ്രസംഗത്തിൽ 100 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആദ്യഗഡുവായി 15 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | എത്ര തുകയാണ് ഇതിനായി നൽകിയിട്ടുള്ളത് എന്ന് പറയാമോ; ഈ തുക അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | ബി) | 28-02-15 ലെ സ.ഉ.(സാധാ) 139/15/മതുവ നമ്പർ ഉത്തരവ് പ്രകാരം 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | മത്സ്യബന്ധനാവശ്യത്തിനുള്ള മണ്ണെണ്ണ സബ്സിഡി ഈ സാമ്പത്തിക വർഷം എത്ര മാത്രം വിതരണം ചെയ്തു എന്ന് പറയാമോ; ഇനിയും സാമ്പത്തിക വർഷാവസാനത്തിനകം എപ്രകാരം ഈ തുക സമയബന്ധിതമായി വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ? | സി) | മത്സ്യഫെഡ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മണ്ണെണ്ണ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ അനുവദിച്ച 15 കോടി രൂപ ഈ സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ